# പതിനാലാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ : *181

05.02.2018 ൽ മറുപടിക്ക്

## കൊച്ചി-പാലക്കാട് വ്യവസായ ഇടനാഴി

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. എം. സ്വരാജ്<br>ശ്രീ. ബി. സത്യൻ<br>ശ്രീ. പി. ഉണ്ണി<br>ശ്രീ. പുരുഷൻ കടലുണ്ടി. | | ശ്രീ. എ.സി. മൊയ്തീൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) |
| (എ) | സംസ്ഥാനത്ത് വ്യവസായ വികസനത്തിൽ കുതിപ്പുണ്ടാക്കാനായി പ്രഖ്യാപിച്ച കൊച്ചി-പാലക്കാട് വ്യവസായ ഇടനാഴി പ്രാവർത്തികമാക്കാനായി ഇതുവരെ നടത്തിയ പ്രവർത്തനങ്ങൾ എന്തെല്ലാമാണ്; | (എ) | വ്യവസായ സംരംഭകർക്ക് അടിസ്ഥാന സൗകര്യമൊരുക്കി സംസ്ഥാനത്ത് കൂടുതൽ തൊഴിലവസരങ്ങളും നിക്ഷേപവും നടപ്പിലാക്കാൻ ലക്ഷ്യമിടുന്ന പദ്ധതിയാണ് കൊച്ചി - പാലക്കാട് ഹൈടെക്ക് വ്യവസായ ഇടനാഴി. വ്യവസായ ഇടനാഴികളുടെ രൂപീകരണത്തിനായി ചുമതലപ്പെടുത്തിയിട്ടുള്ള കേന്ദ്ര സർക്കാരിന്റെ ഡിപ്പാർട്ട്മെന്റ് ഓഫ് ഇൻഡസ്ട്രിയൽ പ്രൊമോഷൻ & പോളിസി (ഡി ഐ പി പി) യുടെ കീഴിലുള്ള National Industrial Corridor Development and Implementation Trust (NICDIT) ന് പ്രസ്തുത പദ്ധതിയുടെ വിശദാംശങ്ങൾ / പഠന റിപ്പോർട്ട് സമർപ്പിക്കാൻ കേന്ദ്രസർക്കാർ നിർദ്ദേശിച്ചതിൻപ്രകാരം കെ എസ് ഐ ഡി സി യെ നോഡൽ ഏജൻസിയായി സർക്കാർ നിയമിച്ചു തുടർന്ന് M/s. Pricewater Housecoopers Pvt Ltd എന്ന സ്ഥാപനത്തെ 'perspective plan & concept master plan ' തയ്യാറാക്കുന്നതിനായി ചുമതലപ്പെടുത്തുകയുണ്ടായി. അവരുടെ പഠനം പൂർത്തിയായി വരുന്നു. |

| | | | |
|---|---|---|---|
| (ബി) | വിവിധ സ്ഥലങ്ങളിലായി സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന വിവിധോദ്ദേശ ബൃഹദ് വ്യവസായ സോണുകൾക്ക് വേണ്ട സ്ഥലം ഏറ്റെടുത്ത് പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിക്കാൻ സാധിച്ചിട്ടുണ്ടോ ; | (ബി) | ഉണ്ട്. |
| (സി) | കുറഞ്ഞ ചെലവിൽ പ്രകൃതി വാതകം ലഭ്യമായ സാഹചര്യത്തിൽ, കൊച്ചിയിലും പരിസരത്തും ഇത് ഇന്ധനമായി ഉപയോഗിക്കുന്ന പെട്രോ കെമിക്കൽ വ്യവസായങ്ങളും മറ്റ് വാതകാധിഷ്ഠിത വ്യവസായങ്ങളും ആരംഭിക്കാനായി പ്രഖ്യാപിച്ച പദ്ധതിയുടെ പുരോഗതി അറിയിക്കാമോ ? | (സി) | ബി പി സി എൽ , കൊച്ചി റിഫൈനറിയിൽ നിന്നുള്ള പെട്രോക്കെമിക്കൽ അസംസ്കൃത വസ്തുക്കൾ ഉപയോഗിച്ച് മറ്റു ഉല്പന്നങ്ങൾ ഉണ്ടാക്കുന്നതിനുള്ള ഒരു വ്യവസായ പാർക്ക് സ്ഥാപിക്കുന്നതിനുവേണ്ടി ഫാക്ട് (F.A.C.T) ന്റെ കൈവശമുള്ള ഭൂമി ഏറ്റെടുത്ത് കിൻഫ്ര വഴി 'പെട്രോകെമിക്കൽ പാർക്ക്' സ്ഥാപിക്കുന്നതാണ്. ഇതിനായി ഫാക്ടുമായി ഒരു Memorandum of Understanding സർക്കാർ ഒപ്പുവെച്ചിട്ടുണ്ട്. KIIFB വഴിയാണ് ഈ പദ്ധതിയ്ക്കുള്ള ധനസമാഹരണം നടത്തുന്നത്. |

Bindu T

**സെക്ഷൻ ഓഫീസർ**